ICDS/A5-15046/20

ഓർമ്മക്കുറിപ്പ്-1
വനിതശിശുവികസന ഡയറക്ടർ
പൂജപ്പുര, തിരുവനന്തപുരം.
തീയതി 28-05-2022
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

വനിതശിശുവികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- വനിതാശിശുവികസന വകുപ്പ്,ഡയറക്ടറേറ്റ്- കന്യാശിക്ഷാ പ്രവേശ് ഉത്സവ്- വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന :- (1) 05-02-2022 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ പരിപത്രം

(2) 06-05-2022 ലെ വശിവിവ /ബി1/226/2022 നം സർക്കാർ കത്ത്.

(3) 23-05-2022 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

കന്യാ ശിക്ഷാ പ്രവേശ് ഉത്സവ് ക്യാമ്പയിന്റെ ഭാഗമായി 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളെ ഔപചാരിക വിദ്യാഭ്യാസത്തിലേയ്ക്ക് തിരികെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കുള്ള പരിപത്രം സൂചന (1) പ്രകാരം നൽകുകയുണ്ടായി

പദ്ധതിയുടെ ഭാഗമായി സൂചന(2) പ്രകാരം ലഭ്യമായ ഗവൺമെന്റിൽ നിന്നുള്ള കത്തിലെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രകാരം 11-14 വയസ്സുവരെയുള്ള സ്കൂളിൽ പോകാത്ത പെൺകുട്ടികളുടെ വിവരങ്ങൾ അങ്കണവാടി ജീവനക്കാർ മുഖേന ശേഖരിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കി സൂപ്പർവൈസർമാർ മുഖേന സിഡിപിഒ മാർക്ക് നൽകേണ്ടതും ആയത് പരിശോധിച്ച് ഈ വിവരങ്ങൾ പ്രബന്ധ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനായി ബ്ലോക്ക് റീസോഴ്സ് സെന്ററിലെ ബ്ലോക്ക് റിസോഴ്സ് കോർഡിനേറ്റർക്ക് സിഡിപിഒ മാർ കൈമാറേണ്ടതും ആയത് follow up നടത്തി upload ചെയ്യുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രോഗ്രാം ഓഫീസർമാർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതും പ്രബന്ധ് പോർട്ടലിൽ രേഖപ്പെടുത്തിയ കുട്ടികളുടെ വിവരങ്ങൾ മേൽ പ്രൊഫോർമയിൽ ക്രോഡീകരിച്ച് 27-05-2022 ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനായി സൂചന(3) പ്രകാരം നൽകിയ കത്തിന് മറുപടി ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി കേന്ദ്രസർക്കാരിൽ നൽകേണ്ടതുള്ളതിനാൽ 30-05-2022 ന് രാവിലെ 10 മണിയ്ക്ക് മുമ്പായി ആയത് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. അടിയന്തിരപ്രാധാന്യമുള്ള വിഷയമായതിനാൽ

പ്രോഗ്രാം ഓഫീസറുടെ പ്രത്യേകശ്രദ്ധ ഈ വിഷയത്തിൽ ആവശ്യമാണെന്നവിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

വനിതശിശുവികസന ഡയറക്ടർ